## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5242** **14-03-2023 - ൽ മറുപടിയ്ക്ക്**

## ഭൂമി തരം മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂമി തരം മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27 (എ) പ്രകാരവും ബന്ധപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിലുമാണ്, നിലവിൽ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഭൂമി തരം മാറ്റ അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നത്. ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റുന്നതിനായി, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇപ്രകാരമുള്ള അപേക്ഷകൾ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള, വിവിധ ഫോറങ്ങളിലാണ് സമർപ്പിക്കേണ്ടത്. 50 സെന്റ് വരെ വിസ്തൃതിയുള്ള ഭൂമിയുടെ തരം മാറ്റുന്നതിന് ഫോറം 6-ലും, 50 സെന്റിന് മുകളിൽ വിസ്തൃതിയുള്ള ഭൂമി തരം മാറ്റുന്നതിന് ഫോറം 7 -ലും 1967 ജൂലൈ 4-ന് മുമ്പ് നികന്നതോ നികത്തിയതോ ആയ ഭൂമിയുടെ തരം മാറ്റത്തിനായി ഫോറം 9 - ലും, ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി ഫോറം 5 -ലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. റവന്യൂ വകുപ്പിന്റെ പോർട്ടൽ മുഖേന ഓൺലൈനായാണ്, നിലവിൽ ടി അപേക്ഷകൾ നല്കേണ്ടത് .<br><br>മേൽ പ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ, വില്ലേജ് ഓഫീസർ/കൃഷി ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തിയുള്ള റിപ്പോർട്ട് ലഭ്യമാക്കിയും, ആവശ്യമെങ്കിൽ നേരിട്ട് സ്ഥല പരിശോധന നടത്തിയും, കെ.എസ്. ആർ.ഇ.സി തയ്യാറാക്കിയ ഉപഗ്രഹ ചിത്രങ്ങ ളുടെ സഹായത്തോടെയും, റവന്യൂ ഡിവിഷണൽ ആഫീസർ, ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു . ഈ ഉത്തരവിന്റെ പകർപ്പ്, റവന്യൂ രേഖകളിൽ ആവശ്യമായ മാറ്റം വരുത്തി |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് നിർദ്ദേശിച്ച് കൊണ്ട്, ഭൂരേഖ തഹസിൽദാർക്കു നൽകുന്നു. സബ് ഡിവിഷൻ നടപടി ആവശ്യമുള്ള കേസുകളിൽ സബ് ഡിവിഷൻ നടപടി പൂർത്തീകരിച്ച് ഭൂരേഖ തഹസിൽദാർ റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും, ആയത് പ്രകാരം വില്ലേജ് ആഫീസർ രേഖകളിൽ ആവശ്യമായ മാറ്റം വരുത്തുകയും ചെയ്യുന്നു. |
| (ബി) | ഭൂമി തരം മാറ്റുന്നതിന് അപേക്ഷ നൽകേണ്ട അവസാന തീയതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ